## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1776 06/07/2015 -ൽ മറുപടിയ്ക്ക്

## സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവില്പന

**ചോദ്യം**

**ശ്രീ.കെ.ടി.ജലീൽ**

**ഉത്തരം**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)**

**(എ)** സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് മദ്യം, ബിയർ, വൈൻ തുടങ്ങിയവ വാങ്ങുന്നതെന്ന് വെളിപ്പെടുത്തുമോ;

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ 2015 ഏപ്രിൽ മാസം മുതൽ മെയ് മാസം വരെ മദ്യം,ബിയർ, വൈൻ എന്നിവ വാങ്ങിയ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം I(a) യും 1(b)യും ആയി ചേർത്തിരിക്കുന്നു.

**(ബി)** മദ്യത്തിനും ബിയറിനും വൈനിനും ഏതെല്ലാം തീയതികളിൽ എത്ര ശതമാനം വീതം നിരക്ക് വർദ്ധന കമ്പനികൾക്ക് അനുവദിച്ചു കൊടുക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ;

**(ബി)** കമ്പനികൾക്ക് മദ്യത്തിനും ബിയറിനും വൈനിനും അനുവദിച്ച് നൽകിയ നിരക്കു വർദ്ധനയുടെ വിശദാംശം അനുബന്ധംII ആയി ചേർത്തിരിക്കുന്നു.

**(സി)** നിലവിൽ മദ്യം, ബിയർ, വൈൻ തുടങ്ങിയവയുടെ ഇനങ്ങളിൽ നിലവിൽ എത്ര ശതമാനം തുക വീതം ഖജനാവിലേക്ക് ലഭിക്കുന്നുണ്ട്; ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന വിലയും ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന വിലയും വിശദമാക്കാമോ?

**(സി)** 2013-14, 2014-15 എന്നീ വർഷങ്ങളിൽ മദ്യം, ബിയർ, വൈൻ തുടങ്ങിയവയുടെ വിൽപ്പനയിലൂടെ സർക്കാർ ഖജനാവിലേയ്ക്ക് അടച്ച നികുതി ചുവടെ ചേർക്കുന്നു.

**സർക്കാർ ഖജനാവിലേയ്ക്ക് വിൽപ്പന നികുതി ഇനത്തിൽ അടച്ച തുക (രൂപ കോടിയിൽ)**

| വർഷം | മൊത്തം തുക | IMFL | % | ബിയർ & വൈൻ | % |
|---|---|---|---|---|---|
| 2013-14 | 5797.44 | 5445.42 | 93.92 | 352.02. | 6.08 |
| 2014-15 | 6564.19 | 6171.26 | 94.01 | 392.93 | 5.99 |
| 2015-16 (ഏപ്രിൽ മേയ് | 1329.99 | 1187.94 | 89.32 | 142.04 | 10.68 |

(......2)

ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന വിലയും
ഉപഭോക്താക്കളിൽ നിന്നു ഈടാക്കുന്ന വിലയും
അനുബന്ധംIII ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്